## പതിമുന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ 4372** — **4.2.2014 ലെ മറുപടിയ്ക്ക്**

### സർക്കാർ/എയ്ഡഡ് സ്കൂളിലെ താൽക്കാലിക നിയമനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ശിവൻകുട്ടി | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ നടത്തുന്നത് ; | (എ) യും (ബി) യും | സർക്കാർ സ്കൂളുകളിലെ താത്ക്കാലിക നിയമനങ്ങൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേനയോ അത്തരത്തിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തപക്ഷം ദിവസവേതനത്തിലോ നടത്തുന്നതിന് 14.8.2002 ലെ സ.ഉ(പി) നം. 249/02/പൊവിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ താല്ക്കാലിക ഒഴിവുകളിൽ നിയമനം നടത്തുന്നത് മാനേജരാണ്. 1.10.2011 ലെ സ.ഉ.(പി) നം.199/11/പൊവിവ പ്രകാരം 1.10.2011 നശേഷം എയ്ഡഡ് സ്കൂളുകളിലുണ്ടാകുന്ന ഹ്രസ്വകാല ഒഴിവുകൾ അദ്ധ്യാപക ബാങ്കിൽ നിന്നും നികത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) അല്ലെങ്കിൽ ഏതു വിധേനയാണ്/എങ്ങനെയാണ് പ്രസ്തുത നിയമനങ്ങൾ നടത്തുന്നത് എന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ